ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-6-2004 വരെ 3019 രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് 3019 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സംഭവങ്ങളിൽ ആരും മരിച്ചിട്ടില്ല. എന്നാൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. പരിക്കേറ്റവർ 2938. ഇവർ പ്രമുഖ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണ്.

ഫർണിച്ചർ വാങ്ങിയ ഇനത്തിൽ സിഡ്കോക്ക് പോലീസ് വകുപ്പ് നൽകാനുള്ള തുക

54 [3434] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പോലീസ് കമ്മീഷണറുടെ ഓഫീസ്, പോലീസ് ഡയറക്ടർ ജനറലിന്റെ ഓഫീസ് എന്നിവിടങ്ങളിലേക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ മുഖേന സിഡ്കോയിൽ നിന്നും 20-6-2002 മുതൽ വിവിധയിനം ഫർണിച്ചർ വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ വിലയിനത്തിൽ പ്രസ്തുത ഓഫീസുകൾ സിഡ്കോക്ക് എന്തുതുക കൊടുക്കുവാനുണ്ട്;

(സി) ഈ തുക ഇതുവരെ കൊടുക്കാതിരുന്നതെന്തുകൊണ്ട്; പ്രസ്തുത തുക അടിയന്തിരമായി കൊടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം പോലീസ് കമ്മീഷണറുടെ ഓഫീസിൽ 20-6-2002-ന് ശേഷം സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങിയ വകയിൽ 16,900 രൂപ നൽകാനുണ്ട്. പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ 20-6-2002-ന് ശേഷം ഫർണിച്ചർ വാങ്ങിയ വകയിൽ 30,284 രൂപ സിഡ്കോക്ക് നൽകാനുണ്ട്. ഇതിൽ 11,810 രൂപയുടെ ബില്ലുകൾ മാത്രമാണ് സിഡ്കോയിൽ നിന്നും ലഭിച്ചിട്ടുള്ളത്. ആയതിന്മേൽ പണമടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 18,474 രൂപയുടെ ബില്ലുകൾ സിഡ്കോയിൽ നിന്നും ലഭിക്കുവാനുണ്ട്. ആയവ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ്.

(സി) പ്രസ്തുത തുക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly